# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 856

11/06/2014 - ൽ മറുപടിക്ക്

### ബി.കെ. കനാൽ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.റ്റി.എ.റഹീം | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ബേപ്പൂർ-കല്ലായി (ബി.കെ) കനാൽ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ബേപ്പൂർ മുതൽ കല്ലായിപുഴ വരെയുള്ള 9.302 കി.മീ നീളമുള്ള കനാലാണ് ബി.കെ. കനാൽ എന്നറിയപ്പെടുന്നത്. ഈ കനാലിന്റെ പുനരുദ്ധാരണത്തിനായി ആദ്യ 3.532 കി.മീ നീളത്തിലുള്ള പ്രവൃത്തികൾക്ക് നബാർഡിന്റെ ധനസഹായത്തോടെ 1250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്. തുടർന്നുള്ള 5.77കി.മീ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| (ബി) കനോലി കനാലുമായി ഇത് ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | തൃശ്ശൂരിലെ കോട്ടപ്പുറം മുതൽ വടകര വരെയുള്ള കനാലാണ് കനോലി കനാൽ എന്നറിയപ്പെടുന്നത്. ബി.കെ.കനാൽ, കനോലി കനാലിന്റെ ഭാഗമാണ്. |
| (സി) കനോലി കനാലിന്റെ നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (സി) | 207.90 കി.മീ. നീളമുള്ള കനോലി കനാൽ സാധ്യമായ സ്ഥലങ്ങളിൽ ദേശീയ ജലപാതയുടെ നിലവാരത്തിൽ വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി സമഗ്രമായ ഒരു പദ്ധതിരൂപരേഖ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ വിവിധ ഭാഗങ്ങളിലായി ഈ കനാലിന്റെ 14.97 കി.മീ ദൂരം പുനരുദ്ധരിച്ചു വരുന്നു. മറ്റുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ